## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ഗ്രേഡ്-I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് യൂണിഫോം പരിഷ്കരണത്തിന്റെ ഭാഗമായി അനുവദിച്ച ഓവർകോട്ടിന്റെ നിറം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) സ.ഉ.(സാധാ) നം. 2078/2018/ആ.കു.വ തീയതി 30/06/2018.
(2) G.O.(Rt)No.3054/2017 dated.02/11/2017

**ഉത്തരവ് നമ്പർ ജെ4/42577/2017/ഡി.എം.ഇ തീയതി 06/07/2018**

മേൽ സൂചന സർക്കാർ ഉത്തരവു പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II, ഗ്രേഡ്-I, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരണത്തിന്റെ ഭാഗമായി നിലവിലുള്ള യൂണിഫോമിന് പുറമേ ജീവനക്കാർക്ക് അനുവദിച്ച ഓവർകോട്ടിന് താഴെ വിവരിക്കും പ്രകാരമുള്ള നിറം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

നഴ്സിംഗ് അസിസ്റ്റന്റ് - ബിസ്ക്കറ്റ് ബ്രൗൺ

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I - നേവി ബ്ലൂ

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II - റോയൽ ബ്ലൂ

ഇപ്രകാരമുള്ള യൂണിഫോം പരിഷ്കരണം സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കാത്ത വിധത്തിൽ ആയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ഇതിന് വേണ്ടി ഒരു തരത്തിലുമുള്ള അധിക സാമ്പത്തിക ആനുകൂല്യങ്ങളും അനുവദനീയമല്ലാത്തതും പ്രസ്തുത ജീവനക്കാർക്ക് നിലവിൽ അനുവദിച്ചിട്ടുള്ള യൂണിഫോം അലവൻസിൽ നിന്നും ഓവർകോട്ടിനുള്ള തുക കണ്ടെത്തേണ്ടതുമാണ്.

യൂണിഫോമായി വനിതാ ജീവനക്കാർക്ക് ചുരിദാറോ സാരിയോ ഉപയോഗിക്കാവുന്നതാണ്.

മേൽ വിഭാഗം ജീവനക്കാർ ഡ്യൂട്ടി സമയത്ത് പരിഷ്കരിച്ച യൂണിഫോം കൃത്യമായി ധരിക്കേണ്ടതും ബന്ധപ്പെട്ട മേലധികാരികൾ അത് ഉറപ്പാക്കേണ്ടതുമാണ്.

ഒപ്പ്
ഡോ.റംലാ ബീവി.എ
ഡയറക്ടർ

സ്വീകർത്താവ്,

ബന്ധപ്പെട്ട ജീവനക്കാരും മേലധികാരികളും (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:- 1. പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, ദന്തൽ കോളേജ്
2. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം